## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 482    21-10-2011-ൽ മറുപടിക്ക്

### സാ മില്ലുകൾക്ക് എൻ.ഒ.സി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. മാത്യു റ്റി. തോമസ്:<br>ശ്രീ. ജോസ് തെറ്റയിൽ: | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും<br>വകുപ്പുമന്ത്രി) |
| (എ) സാ മില്ലുകൾക്കും തടിയധിഷ്ഠിത ഫർണിച്ചർ യൂണിറ്റുകൾക്കും എൻ.ഒ.സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതിന് നിലവിലുള്ള പ്രധാന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.<br>1. തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ തീയതിയായ 30.10.2002 ന് മുൻപ് പ്രവർത്തിച്ചിരുന്ന എല്ലാ യൂണിറ്റുകൾക്കും ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി. നൽകി വരുന്നു.<br>2. സർക്കാർ ഉടമസ്ഥതയിൽ ഉള്ള വനങ്ങളുടെ അതിർത്തിയിൽ നിന്ന് 5 കിലോമീറ്ററിനുള്ളിൽ പുതിയ തടിയധിഷ്ഠിത വ്യവസായങ്ങൾ 30-10-2002 ന് ശേഷം അനുവദിക്കുന്നതല്ല. 30-10-2002 ന് മുൻപ് പ്രവർത്തിച്ചിരുന്ന ഇത്തരം യൂണിറ്റുകൾക്ക് ചില ഉപാധികളോടെ ഓരോ വർഷത്തേക്കും എൻ.ഒ.സി നൽകും. |

3. നിലവിലുള്ള വ്യവസായ യൂണിറ്റുകൾക്കും സോമില്ലുകൾക്കും വേണ്ട അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ, പുതിയ യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകാവൂ.

4. സോമില്ലുകൾ ഉപയോഗിക്കാത്ത ഫർണിച്ചർ യൂണിറ്റുകൾക്ക് എൻ.ഒ.സി. നൽകുന്നതിനു മേൽ സൂചിപ്പിച്ച നിബന്ധന ബാധകമല്ല.

5. റബ്ബർ തടി ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്തിനുള്ളിൽ കൂടുതൽ സ്ഥാപിക്കുന്നതു പ്രോൽസാഹിപ്പിക്കുന്നതിനായി, റബ്ബർ തടി മാത്രം ഉപയോഗിച്ചുള്ള യൂണിറ്റുകൾക്ക് എൻ.ഒ.സി നൽകി വരുന്നു.

6. ഈർച്ചമില്ലും ഫർണിച്ചർ യൂണിറ്റും ഒരുമിച്ചു ഒരേ ചുറ്റുമതിലിനുള്ളിൽ പ്രവർത്തിപ്പിക്കാൻ പാടുള്ളതല്ല.

7. 30-10-2002 ന് ശേഷം ആരംഭിക്കുന്ന, യൂണിറ്റുകൾക്ക് സെൻട്രൽ എംപവേർഡ് കമ്മിറ്റിയും, സുപ്രീം കോടതിയും അംഗീകരിച്ച ഒറ്റത്തവണ ഫീസ് നൽകേണ്ടതുണ്ട്.

(ബി) അതു സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) താഴെ പറയുന്ന ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1. റിട്ട് പെറ്റീഷൻ സിവിൽ നമ്പർ 202/1995 ൽ 30-10-2002 ന് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ്.

2. സെൻട്രൽ എംപവേർഡ് കമ്മിറ്റി രൂപവൽക്കരിച്ചുകൊണ്ടുള്ള ഭാരത സർക്കാർ നോട്ടിഫിക്കേഷൻ തീയതി 17-09-2002.

3. 21-02-2006 ലെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം.

4. 08-10-2007 ലെ 2-19/CEC/SC/06(Pt 11) നമ്പരായുള്ള സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ കത്ത്.

5. 28-02-2006 ലെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട്.

6. 17-01-2007 ലെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ മിനിട്സ്.

7. 29-04-2008 ലെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ മിനിട്സ്.

8. 10-06-2008 ലെ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ മിനിട്സ്.

9. 18-09-2009 ലെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ മിനിട്സ്.

10. 20-10-2010 ലെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ മിനിട്സ്.

11. 09-08-2011 ലെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ മിനിട്സ്.

(സി) സാ മില്ലുകൾക്കും ഫർണിച്ചർ യൂണിറ്റുകൾക്കും എൻ.ഒ.സി. ക്കായി ലഭിച്ച എത്ര അപേക്ഷകളിൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട് ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് എൻ.ഒ.സി. ലഭിക്കുന്നതിനായി 30-3-2011 വരെ ലഭിച്ച 9685 അപേക്ഷകളിൽ 6710 അപേക്ഷകൾ പ്രാഥമിക രേഖാപരിശോധനയ്ക്കും സ്ഥലപരിശോധനയ്ക്കും ശേഷം സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിച്ചു. സ്റ്റേറ്റ് ലെവൽ കമ്മിറ്റി 6710 അപേക്ഷകളിന്മേൽ തീരുമാനം എടുത്തു കഴിഞ്ഞു. അതിൽ 2165 അപേക്ഷകളിൽ എൻ.ഒ.സി. നൽകി. 1233 അപേക്ഷകൾക്ക് ബഹു. സെൻട്രൽ എംപവേർഡ് കമ്മിറ്റി നിശ്ചയിച്ച നിരക്കിലുള്ള ഒറ്റത്തവണ ഫീസ്/ വാർഷിക പരിശോധനാ ഫീസ് അടയ്ക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് പ്രകാരമുള്ള തുക അടയ്ക്കുന്ന

.. .. . . . . .

മുറയ്ക്ക് ടി യൂണിറ്റുകൾക്കും എൻ.ഒ.സി. നൽകുവാനാണ് ഉദ്ദേശിക്കുന്നത്. 2585 അപേക്ഷകളിൽ സൂക്ഷ്മപരിശോധനയിൽ കണ്ടെത്തിയ കുറവുകൾ പരിഹരിക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. 727 അപേക്ഷകൾ 30-10-2002 നു ശേഷം തുടങ്ങിയ സോമില്ലു കളോ വെനീർ/പ്ലൈവുഡ് യൂണിറ്റുകളോ ആണ്. അവയ്ക്ക് അസംസ്കൃത പദാർത്ഥ ങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ എൻ.ഒ.സി നൽകാനാവൂ. മേൽപ്പറഞ്ഞ ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനുള്ള സ്റ്റാഫിന്റെ അപര്യാപ്തത, രേഖകൾ സമർപ്പിക്കുന്നതിൽ വരുത്തുന്ന കാലതാമസം, ഒറ്റത്തവണ ഫീസ് /വാർഷിക പരിശോധനാ ഫീസ് എന്നിവ അടയ്ക്കുന്ന തിൽ അപേക്ഷകർ വരുത്തുന്ന കാലതാമസം എന്നിവയാണ് കാലതാമസത്തിന് പ്രധാന കാരണങ്ങൾ. ബഹു. സുപ്രീം കോടതി അധികാരപ്പെടുത്തിയ സെൻട്രൽ എംപവേർഡ് കമ്മിറ്റി കാലാകാലങ്ങളിൽ നൽകി വരുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും അനുസൃതമായി മാത്രമേ തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് വനം വകുപ്പിന്റെ എൻ.ഒ.സി. നൽകുവാൻ കഴിയൂ. എൻ.ഒ.സി. ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്നതിന്റെ മുൻഗണനാക്രമത്തിൽ സ്ഥലപരിശോധനയും രേഖകളുടെ പ്രാഥമിക പരിശോധനയും പൂർത്തിയാക്കിയതിനു ശേഷമാണ് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിക്കുന്നത്. സ്റ്റേറ്റ്

ലെവൽ കമ്മിറ്റി പരിഗണിച്ച അപേക്ഷകൾ വീണ്ടും സൂക്ഷ്മ പരിശോധന നടത്തിയതിനു ശേഷമാണ് എൻ.ഒ.സി. നൽകുന്നത്.

(ഡി) പുതിയ സാ മില്ലുകൾക്ക് എൻ.ഒ.സി. നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ശ്രീ. ഗോദവർമ്മൻ തിരുമുൽപ്പാട് ഫയൽ ചെയ്ത WP(C) 202/1995 നമ്പർ കേസിലെ 30-10-2002 ലെ ഉത്തരവുപ്രകാരം പ്രസ്തുത തീയതിക്കു മുൻപു മുതൽ പ്രവർത്തിച്ചു വരുന്ന സോമില്ലുകൾക്കു മാത്രമേ തുടർന്നു പ്രവർത്തിക്കുവാൻ അനുവാദമുള്ളു. സംസ്ഥാനത്ത് നിലവിൽ നിയമാനുസൃതം പ്രവർത്തിച്ചു വരുന്ന മരാധിഷ്ഠിത വ്യവസായങ്ങൾക്ക് പൂർണ്ണമായും പ്രവർത്തിക്കുന്നതിനാവശ്യമായ അളവിൽ തടി ലഭ്യമല്ല എന്നാണ് ശാസ്ത്രീയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതിനാലാണ് പുതിയ സോമില്ലുകൾക്ക് അനുമതി ഇപ്പോൾ നൽകേണ്ടതില്ലെന്ന് ബഹു. സെൻട്രൽ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഇപ്പോഴുള്ള തടി ലഭ്യതയെ സംബന്ധിച്ച് വീണ്ടും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പീച്ചിയിലെ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) പരമ്പരാഗത മരപ്പണിക്കാർക്ക് മുൻഗണന നൽകി എൻ.ഒ.സി. അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ ?

(ഇ) വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ പരമ്പരാഗത രീതിയിലുള്ള പണിയായുധങ്ങൾ മാത്രം ഉപയോഗിച്ചു പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് വനം വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമില്ല. ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളും ഈർച്ച ചെയ്ത തടിമാത്രം ഉപയോഗിച്ചു പ്രവർത്തി

ക്കുന്ന കൂടിൽ വ്യവസായങ്ങളും 30-10-2002
നുശേഷം ആരംഭിച്ചതാണെങ്കിലും ബഹു.
സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ
അനുമതി പ്രകാരം എൻ.ഒ.സി. നൽകി
വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.